പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ.265

20.12.2012ൽ
മറുപടിക്ക്

# അനധികൃത മണൽ വാരലും വില്പനയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ :<br>ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ :<br>ശ്രീ.ബി.സത്യൻ : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നദികളിലെയും ആറുകളിലെയും മണൽ അനധികൃതമായി വാരി വില്പന നടത്തിവരുന്ന ക്രിമിനൽ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ക്രിമിനൽ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അനധികൃത മണൽ വാരലും വില്പനയും നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) അനധികൃത മണൽ ഖനനം തടയുന്നതിനായി ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല മണൽ സ്ക്വാഡും റവന്യൂ ഡിവിഷനുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസർ/സബ്കളക്ടർ- ടെ നേതൃത്വത്തിൽ റവന്യൂ ഡിവിഷൻ സ്ക്വാഡുകളും തഹസീൽദാരുടെ നേതൃത്വത്തിൽ താലൂക്ക്തല മണൽ സ്ക്വാഡുകളും പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും അനധികൃത മണൽ കടത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

(സി) ഇത്തരം സംവിധാനങ്ങൾ മണൽ മാഫിയകളുടെയും അതിന് സഹായിക്കുന്നവരുടെയും ഭീഷണികൾ മൂലം പരാജയപ്പെട്ടിരിക്കുന്നത് അറിയാമോ ;

(സി) മണൽ മാഫിയയുടെ ഭീഷണികൾ പല സ്ഥലങ്ങളിലും തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും സ്ക്വാഡുകളുടെ പ്രവർത്തനം പരാജയപ്പെട്ടിട്ടില്ല.

(ഡി) മണൽ വാരലും വിൽപനയും നിയന്ത്രിക്കുന്ന കൃത്യനിർവ്വഹണത്തിലേർപ്പെട്ടവർക്കെതിരെ സംസ്ഥാനത്തുണ്ടായ ഭീഷണികളെക്കുറിച്ച് വിശദമാക്കുമോ ?

(ഡി) കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ അഡീഷണൽ തഹസീൽദാർ ശ്രീ.ആർ. വിജയകുമാറിനെ 17-04-2012 - ൽ ചിറക്കര, പൂതക്കുളം എന്നീ സ്ഥലങ്ങളിൽ റെയ്ഡ് നടത്തവെ ശാരീരികമായി ആക്രമിക്കുകയും ടിയാന്റെ ഔദ്യോഗിക ഫോൺ കൈവശപ്പെടുത്തുകയും ഉണ്ടായി. കൂടാതെ പത്തനാപുരം, കുന്നത്തൂർ താലൂക്കുകളിൽ തഹസീൽദാർമാരുടെ വാഹനങ്ങളെ മറ്റു വാഹനങ്ങൾ ഉപയോഗിച്ച് മാർഗ്ഗതടസ്സമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ഉടുമ്പൻ ചോലയിൽ അനധികൃത മണൽ ഖനനവുമായി ബന്ധപ്പെട്ട അന്വേഷണത്തിന് ചെന്ന ഉടുമ്പൻചോല അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിലുള്ള സംഘത്തെ ആക്രമിച്ചിട്ടുളള കേസ് നടന്നുവരുന്നു.

മലപ്പുറം ജില്ലയിൽ സമീപകാലത്ത് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ നേതൃത്വം നൽകിയ സ്കാഡ് സഞ്ചരിച്ചിരുന്ന വാഹനത്തെ മറിച്ച് സ്ക്വാഡ് അംഗങ്ങളെ അപായപ്പെടുത്താൻ ശ്രമിച്ച കേസ് മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിന്റെ കീഴിൽ ചെറുവണ്ണൂർ, ഫറോക്ക് ഭാഗങ്ങളിൽ അനധികൃതമായി മണൽഖനനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 08-12-2012 ന് പുലർച്ചെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്ന സ്ക്വാഡ് പ്രവർത്തനത്തിനിടെ ജില്ലാ കളക്ടറുടെ വാഹനത്തിന് നേർക്ക് ടിപ്പർ ലോറിയിൽ നിന്നും മണൽ മറിച്ചിടുകയുണ്ടായി. കൊയിലാണ്ടി താലൂക്കിൽ ബൈക്കിൽ പിൻതുടർന്ന് തഹസീൽദാരെ മണൽ മാഫിയ ആക്രമിക്കുകയുണ്ടായി. 2011-ൽ കൊയിലാണ്ടിയിൽ സ്ക്വാഡ് പ്രവർത്തനത്തിനിടെ ജൂനിയർ സൂപ്രണ്ടുമാരുടെ നേർക്ക് ആക്രമണം ഉണ്ടാകുകയും വാഹനം അടിച്ചുതകർക്കുകയും ചെയ്തു.

വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിലെ അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിലുണ്ടായിരുന്ന സ്ക്വാഡ് ഓഫീസർമാരെയും മീനങ്ങാടി വില്ലേജ് സ്റ്റാഫിനെയും ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് രണ്ടു പോലീസ് കേസുകൾ നിലനിൽക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ